# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.05.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ അവസാനഘട്ട പ്രചാരണം ഊർജിതം. ഏഴാംഘട്ടത്തിൽ സജീവമായി താരപ്രചാരകരും.

   **Campaigning for seventh and last phase of Lok Sabha elections gains momentum.**

2. റേമൽ ചുഴലിക്കൊടുങ്കാറ്റ് ഇന്ന് അർധരാത്രിയോടെ തീരംതൊടും; അടിയന്തിര സാഹചര്യം നേരിടാൻ സജ്ജമെന്ന് നാവികസേന.

   **Indian Navy Initiates Preparatory Actions to Provide Immediate & Effective Assistance in The Wake of Cyclone Remal.**

3. ഡൽഹിയിലും രാജ്കോട്ടിലുമുണ്ടായ തീപിടിത്തങ്ങളിൽ ജീവൻ നഷ്ടമായവരുടെ കുടുംബാംഗങ്ങൾക്കു ധനസഹായം പ്രഖ്യാപിച്ച് പ്രധാനമന്ത്രി.

   **PM Modi announces assistance for families of deceased who lost their lives in tragic fire incidents in Gujarat & Delhi.**

4. അന്താരാഷ്ട്ര തട്ടിപ്പു സംഘങ്ങൾ രാജ്യത്തെ പൗരന്മാരുടെ മൊബൈൽ ഫോണുകളിലേക്ക് വിളിക്കുന്നതു തടയാൻ ടെലികോം സേവനദാതാക്കൾക്ക് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം.

   **Govt issues directions to Telecom Service Providers for blocking incoming international spoofed calls.**

5. മലേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ഫൈനലിൽ ഇന്ത്യയുടെ പി വി സിന്ധുവിന് തോൽവി.

**PV Sindhu concedes defeat in the finals of Malaysia Masters Badminton.**

6. ഐ പി എൽ ക്രിക്കറ്റ് ഫൈനലിൽ ടോസ് നേടിയ സൺ റൈസേഴ്സ് ഹൈദരാബാദ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ ബാറ്റിങ് തെരഞ്ഞെടുത്തു.

**In IPL cricket final, Sunrisers Hyderabad win the toss, to bat first against Kolkata Knight Riders.**

**&&&&&&&&&&&&&&&**

## HEADLINE 1

## CAMPAIGNING - INTRO

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അവസാനഘട്ട പ്രചാരണം ഊർജിതം. വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രധാന നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്.

വിശദാംശങ്ങളിലേക്ക്....

(വോയ്സ്)

## CAMPAIGNING -VOICE

ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് ഉത്തർപ്രദേശിൽ മൂന്ന് റാലികളിൽ പങ്കെടുത്തു. മിർസാപുർ, ഘോസി, ബാംസ്ഗാവ് എന്നിവിടങ്ങളിൽ നടന്ന റാലികളിലാണ് പ്രധാനമന്ത്രി പങ്കെടുത്തത്. ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ബിഹാറിലെ കാരാക്കാട്ട്, സാസാറാം പാർലമെന്റ് മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്തു. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് മിർസാപുർ, വാരാണസി, ചന്ദൗലി, ഘോസി, ഗൊരഖ്പുർ എന്നിവിടങ്ങളിൽ റാലികൾ നടത്തി. ബിജെപി ദേശീയ അധ്യക്ഷൻ ജെപി നഡ്ഡ ഇന്ന് ജഹാനാബാദ്, ആരാ, നാളന്ദ ലോക് സഭാ മണ്ഡലങ്ങളിലെ പൊതുയോഗങ്ങളെ അഭിസംബോധന ചെയ്തു. ജെഡിയു അധ്യക്ഷനും മുഖ്യമന്ത്രിയുമായ നിതീഷ് കുമാറും എൽജെപി രാംവിലാസ് മേധാവി ചിരാഗ് പാസ്വാനും മറ്റ്

എൻഡിഎ നേതാക്കളും തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുത്തു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഹിമാചൽ പ്രദേശിലെ ഷിംല പാർലമെന്റ് മണ്ഡലത്തിൽ രണ്ടിടങ്ങളിൽ റാലികളിൽ സംസാരിച്ചു. എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി പഞ്ചാബിലെ ചണ്ഡീഗഢ്, പട്യാല എന്നിവിടങ്ങളിൽ പൊതുപരിപാടികളിൽ പങ്കെടുത്തു. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ ബിഹാറിലെ സാസാറാമിൽ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്തു. സമാജ് വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് ഉത്തർപ്രദേശിലെ ബലിയ, സലേംപുർ എന്നിവിടങ്ങളിൽ റാലികളിൽ പങ്കെടുത്തു. ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&

## HEADLINE 2

## INDIAN NAVY-CYCLONE

റേമൽ ചുഴലിക്കൊടുങ്കാറ്റ് ഇന്ന് അർദ്ധരാത്രിയോടെ കൂടുതൽ ശക്തി പ്രാപിച്ച് അതിശക്തമായ കൊടുങ്കാറ്റായി മാറുമെന്നു മുന്നറിയിപ്പ്. പശ്ചിമ ബംഗാളിലെ സാഗർ ദ്വീപിനും ബംഗ്ലാദേശിലെ ഖേപ്പുപാറയ്ക്കും ഇടയിലാകും ചുഴലിക്കാറ്റ് കരതൊടുക. ചുഴലിക്കൊടുങ്കാറ്റിൻറെ പശ്ചാത്തലത്തിൽ അടിയന്തിര സാഹചര്യം നേരിടാൻ സജ്ജമെന്ന് നാവികസേന അറിയിച്ചു. മരുന്നുകളും മറ്റ് അടിയന്തിര അവശ്യവസ്തുക്കളുമായി രണ്ടു കപ്പലുകൾ നാവിക സേന തയ്യാറാക്കിയിട്ടുണ്ട്. സീ കിങ്, ചേതക് ഹെലികോപ്റ്ററുകൾ, ഡോർണിയർ വിമാനങ്ങൾ എന്നിവയും കർമ്മരംഗത്തുണ്ട്. സമഗ്രമായ സഹായങ്ങൾ ജനങ്ങൾക്ക് എത്തിക്കുന്നതിനായി പ്രത്യേക ഡൈവിങ് സംഘങ്ങളും കൊൽക്കത്തയിലും വിശാഖപട്ടണത്തും സജ്ജമാണ്.

&&&&&&&&&&&&&&&

## REV. EVE. REMAL

റേമൽ കൊടുങ്കാറ്റിനെ നേരിടാനൊരുങ്ങി പശ്ചിമ ബംഗാൾ. നബാന്ന ഭവനിലെ സെക്രട്ടറിയറ്റിൽ പ്രത്യേക കൺട്രോൾ റൂമുകൾ ആരംഭിച്ചു. ദുരന്ത മുന്നൊരുക്കങ്ങൾക്കായി കൊൽക്കത്ത പൊലീസ് ആസ്ഥാനത്ത് സംയോജിത കൺട്രോൾ റൂമുകളും

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 21 മണിക്കൂർ വരെ വിമാനയാത്രകൾ റദ്ദാക്കാൻ തീരുമാനിച്ചതായി കൊൽക്കത്ത വിമാനത്താവള അധികൃതർ അറിയിച്ചു.

**&&&&&&&&&&&&&&&**

**HEADLINE 3**

**LG-DELHI FIRE**

ഡൽഹിയിൽ കുട്ടികളുടെ ആശുപത്രിയിലുണ്ടായ തീപിടിത്തത്തിൽ അന്വേഷണത്തിന് ഉത്തരവിടാൻ ഡൽഹി ചീഫ് സെക്രട്ടറിയോടു നിർദേശിച്ച് ഡൽഹി ലഫ്റ്റനന്റ് ഗവർണർ വി കെ സക്സേന. വിവേക് വിഹാറിലെ ആശുപത്രിയിലുണ്ടായ തീപിടിത്തത്തിൽ ആറു നവജാതശിശുക്കൾക്കു ജീവൻ നഷ്ടമായിരുന്നു. നിരവധിപേർക്കു പരിക്കേറ്റു. കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായും പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടേയെന്നും ലഫ്റ്റനന്റ് ഗവർണർ പറഞ്ഞു.

**&&&&&&&&&&&&&&&**

**NEW RAJKOT-FIRE**

രാജ്കോട്ടിൽ അമ്യൂസ്മെന്റ് പാർക്കിലുണ്ടായ തീപിടിത്തത്തിൽ നിരവധി ജീവൻ നഷ്ടപ്പെട്ട സംഭവത്തിൽ ഗുജറാത്ത് ഹൈക്കോടതി സ്വമേധയാ കേസെടുത്തു. കേസ് നാളെ പരിഗണിക്കും. ടിആർപി ഗെയിംസ് സോണിലെ തീപിടിത്തത്തിൽ മരിച്ചവരുടെ എണ്ണം 27 ആയി. വെൽഡിങ് തൊഴിലാളിയുടെ അശ്രദ്ധ തീപിടിത്തത്തിന് കാരണമായെന്നാണ് പ്രാഥമിക നിഗമനമെന്ന് സ്ഥലം സന്ദർശിച്ച ഗുജറാത്ത് ആഭ്യന്തരമന്ത്രി ഹർഷ് സംഘ്വി പറഞ്ഞു. ഗെയിം സോണിൻ്റെ ഉടമ ഉൾപ്പെടെയുള്ളവരെ പൊലീസ് പിടികൂടിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇന്നലെ വൈകിട്ടാണ് തീപിടിത്തമുണ്ടായത്.

**&&&&&&&&&&&&&&&**

**PM-EX GRATIA**

ഗുജറാത്തിലും ഡൽഹിയിലുമുണ്ടായ ദാരുണമായ തീപിടിത്തത്തിൽ ജീവൻ നഷ്ടമായവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ധനസഹായം പ്രഖ്യാപിച്ചു. മരിച്ചവരുടെ

അടുത്ത ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽനിന്ന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകും. പരിക്കേറ്റവർക്ക് 50,000 രൂപവീതം നൽകുമെന്നും പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

**&&&&&&&&&&&&&&&**

## HEADLINE 4

## TELECOM DIRECTIVES

ഇന്ത്യൻ പൗരന്മാരുടെ മൊബൈൽ ഫോൺ നമ്പറുകളിലേക്ക് അന്താരാഷ്ട്ര തട്ടിപ്പ് സംഘങ്ങൾ കോൾ ചെയ്യുന്നതു തടയാൻ ടെലികോം സേവനദാതാക്കൾക്ക് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം. കോളിങ് ലൈനിൽ കൃത്രിമം കാട്ടി ഇന്ത്യയിൽ നിന്നുള്ള മൊബൈൽ നമ്പരാണെന്നു തോന്നുംവിധമാണ്, തട്ടിപ്പുകാർ അന്താരാഷ്ട്ര കോളുകൾ ചെയ്യുന്നത്. ഇതു നിരവധി സൈബർ കുറ്റകൃത്യങ്ങൾക്കും സാമ്പത്തിക തട്ടിപ്പുകൾക്കും കാരണമാകുന്നതായി വാർത്താവിനിമയ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. രാജ്യത്തെ ലാൻഡ്ലൈൻ നമ്പറുകളിലേക്ക് വ്യാജ അന്താരാഷ്ട്ര കോളുകൾ വരുന്നത്, ടെലികോം സേവന ദാതാക്കൾ നേരത്തെതന്നെ തടഞ്ഞിട്ടുണ്ട്.

**&&&&&&&&&&&&&&&**

## ACC- ARMY CHIEF

കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡേയുടെ സേവന കാലാവധി ഒരു മാസം കൂടി ദീർഘിപ്പിച്ചു. ജൂൺ 30 വരെ കാലാവധി ദീർഘിപ്പിക്കാനാണ് ക്യാബിനറ്റ് അപ്പോയിൻറ്മെൻറ്സ് കമ്മിറ്റി അനുമതി നൽകിയത്. ഈ മാസം 31 വരെയായിരുന്നു കാലാവധി. 2022 ഏപ്രിൽ 30നാണ് ഇദ്ദേഹത്തെ കരസേനാ മേധാവിയായി നിയമിച്ചത്.

**&&&&&&&&&&&&&&&**

## HAJ PILGRIMS

വിശുദ്ധ നഗരമായ മക്കയിലേക്ക് ചരിത്രത്തിലാദ്യമായി അതിവേഗ ട്രെയിനിൽ യാത്ര ചെയ്ത് ഇന്ത്യയിൽ നിന്നുള്ള ഹജ്ജ് തീർഥാടകർ. ജിദ്ദയിലെത്തുന്ന തീർഥാടകർ സാധാരണയായി ബസുകളിലാണ് മക്കയിലെത്തുന്നത്. എന്നാൽ മണിക്കൂറിൽ 300 കിലോമീറ്റർ വരെ

വേഗതയിൽ സഞ്ചരിക്കാൻ കഴിയുന്ന ട്രെയിൻ സർവീസ് ജിദ്ദയ്ക്കും മക്കയ്ക്കും ഇടയിലുള്ള യാത്രാ സമയം പകുതിയായി കുറയ്ക്കും. ഇന്ത്യയിൽ നിന്നുള്ള ഏകദേശം 32,000 തീർഥാടകർ ഈ വർഷം ട്രെയിൻ സേവനം പ്രയോജനപ്പെടുത്തുമെന്നാണ് കരുതുന്നത്.

&&&&&&&&&&&&&&&&

**CAANES FEST - INTRO**

77-ാമത് കാൻ ഫിലിം ഫെസ്റ്റിവലിൽ തിളങ്ങി ഇന്ത്യ. മികച്ച നടി ഉൾപ്പെടെ 2 സംവിധായകരും ഒരു ഛായാഗ്രാഹകനും ലോകത്തിലെ പ്രമുഖ ചലച്ചിത്രമേളയിൽ അവാർഡുകൾ നേടിയത് ഇന്ത്യയ്ക്ക് അഭിമാന മുഹൂർത്തമായി. മികച്ച രണ്ടാമത്തെ ചിത്രത്തിനുള്ള ഗ്രാൻഡ് പ്രി പുരസ്കാരം നേടിയ ചിത്രത്തിന്റെ സംവിധായിക പായൽ കപാഡിയയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. പായലിൻറെ കഴിവുകൾക്കുള്ള ആദരം എന്നതിലുപരി ഇന്ത്യൻ ചലച്ചിത്ര സംവിധായകർക്കുള്ള പ്രചോദനം കൂടിയാണ് പുരസ്കാരമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

ഒരു റിപ്പോർട്ട് ....

(വോയിസ്)

&&&&&&&&&&&&&&&&

**CANNES FEST- VOICE**

ക്യാൻ ചലച്ചിത്ര മേളയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇന്ത്യ ഇത്രയധികം പുരസ്കാരങ്ങൾ നേടുന്നത് . രണ്ട് നഴ്സുമാരുടെ ജീവിതത്തെ കേന്ദ്രീകരിച്ച് പായൽ കപാഡിയ സംവിധാനം ചെയ്ത ഹിന്ദി- മലയാളം ചിത്രം 'ഓൾ വി ഇമാജിൻ ആസ് ലൈറ്റ്' 30 വർഷത്തിന് ശേഷം ഇതാദ്യമായി മേളയിലെ പരമോന്നത പുരസ്കാരമായ പാം ഡി ഓറിന് നാമനിർദ്ദേശം ചെയ്യപ്പെട്ടു. കപാഡിയയുടെ ചിത്രം ഈ വിഭാഗത്തിൽ രണ്ടാം സ്ഥാനത്തെത്തി ഗ്രാൻഡ് പ്രി കരസ്ഥമാക്കി . ചിത്രത്തിൽ മലയാളി നഡികളായ കനി കുസൃതി, ദിവ്യ പ്രഭ എന്നിവരും അഭിനയിച്ചിരുന്നു. ദ ഷെയിംലെസ്" എന്ന ചിത്രത്തിലെ അഭിനയത്തിന് മികച്ച നടിക്കുള്ള പുരസ്കാരം നേടുന്ന ആദ്യ ഇന്ത്യക്കാരിയായി അനസൂയ സെൻഗുപ്ത കാനിൽ ചരിത്രം

സൃഷ്ടിച്ചു. ഹ്രസ്വചിത്ര വിഭാഗമായ ലാ സിനിഫി ൽ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ വിദ്യാർത്ഥി ചിദാനന്ദ് എസ് നായിക് സംവിധാനം ചെയ്ത "സൺഫ്ലവർസ് വെയർ ദി ഫസ്റ്റ് വൺസ് ടു നോ " ഒന്നാം സമ്മാനം നേടി. ഇന്ത്യയിൽ ജനിച്ച മാൻസി മഹേശ്വരിയുടെ ബണ്ണിഹുഡ് എന്ന ആനിമേഷൻ ചിത്രത്തിന് ഈ വിഭാഗത്തിൽ മൂന്നാം സമ്മാനം ലഭിച്ചു. ലോകപ്രശസ്ത സംവിധായകൻ ശ്യാം ബെനഗലിൻ്റെ 48 വർഷം മുൻപ് പുറത്തിറങ്ങിയ ചിത്രം മന്ഥൻ, കാനിൽ ക്ലാസിക് വിഭാഗത്തിൽ പ്രദർശിപ്പിച്ചു. പ്രശസ്ത ഛായാഗ്രാഹകൻ സന്തോഷ് ശിവൻ പിയറി ആൻജെനോ പുരസ്കാരം നേടിയ ആദ്യ ഏഷ്യക്കാരനുമായി.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&

## HEADLINE 5

## MALAYSIA MASTERS

കോലാലംപൂരിൽ നടന്ന മലേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ഫൈനലിൽ ഇന്ത്യയുടെ പി വി സിന്ധുവിന് തോൽവി. ലോക ഏഴാം നമ്പർ താരം ചൈനയുടെ വങ് ഷി യിയോടാണ് സിന്ധു പരാജയപ്പെട്ടത്. ആദ്യ സെറ്റ് കരസ്ഥമാക്കാൻ സിന്ധുവിനായെങ്കിലും തുടർന്നുള്ള രണ്ടു സെറ്റിലും ചൈനീസ് താരത്തോട് അടിയറവു പറയുകയായിരുന്നു. സ്കോർ: 16-21, 21-5, 21-16.

&&&&&&&&&&&&&&&

## HEADLINE 6

## IPL

ഐ പി എൽ ക്രിക്കറ്റ് ഫൈനലിൽ ടോസ് നേടിയ സൺ റൈസേഴ്സ് ഹൈദരാബാദ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ ബാറ്റിങ് തെരഞ്ഞെടുത്തു. ചെന്നൈ എം.എ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ ബുധനാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലയോര മേഖലകളിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ എന്നിവയ്ക്ക് സാധ്യതയുള്ളതിനാൽ ജാഗ്രത തുടരണമെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&

## FISHERMAN WARNING

തെക്കൻ തമിഴ്നാട് തീരത്ത് കുളച്ചൽ മുതൽ കിലക്കരെ വരെ ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നു ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും ഗവേഷണ കേന്ദ്രം മുന്നറിയിപ്പു നൽകി. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. മൽസ്യബന്ധന യാനങ്ങളുടെയും ഉപകരണങ്ങളുടെയും സുരക്ഷ ഉറപ്പാക്കണം. തീരത്തേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണമെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&

## G R ANIL

ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ 45-ാം സംസ്ഥാന സമ്മേളന പൊതുയോഗം മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്തു. രാജ്യം ലോകവിജ്ഞാനത്തിന് നൽകിയ ഏറ്റവും വലിയ സംഭാവനയാണ് ആയുർവേദം എന്ന് മന്ത്രി പറഞ്ഞു. ആയുർവേദത്തിന്റെ നന്മകൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിൽ ശ്രദ്ധിക്കണമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

## MUMBAI - COURT EXTENDED

ഘാട്കോപ്പർ പരസ്യബോർഡ് അപകടക്കേസിൽ പരസ്യകമ്പനി ഡയറക്ടറുടെ കസ്റ്റഡി കാലാവധി ഈ മാസം 29 വരെ ദീർഘിപ്പിച്ചു. അപകടത്തിന് മൂന്നു ദിവസത്തിനു ശേഷം ഈ മാസം 16നാണ് കമ്പനി ഡയറക്ടർ ഭവേഷ് ഭിണ്ഡയെ രാജസ്ഥാനിലെ

ഉദയ്യൂരിൽ നിന്ന് അറസ്റ്റു ചെയ്യത്. ഭവേഷ് സ്ഥാപിച്ച മറ്റ് പരസ്യ ബോർഡുകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയണമെന്ന് ആവശ്യപ്പെട്ട് റിമാൻഡ് കാലാവധി ദീർഘിപ്പിക്കണമെന്ന് പൊലീസ് കോടതിയിൽ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&

**PAPUA NEW GUINEA-LANDSLIDE**

പാപ്പുവ ന്യൂ ഗിനിയിലുണ്ടായ അതിശക്തമായ മണ്ണിടിച്ചിൽ അറുനൂറ്റി എഴുപതോളം പേർ മണ്ണിനടിയിൽ കുടുങ്ങിക്കിടക്കുന്നതായി ഐക്യരാഷ്ട്രസഭ അധികൃതർ. ഏങ്ക പ്രവിശ്യയിൽ വെള്ളിയാഴ്ച പുലർച്ചെ മൂന്നോടെയായിരുന്നു അപകടം. ജനങ്ങൾ ഉറങ്ങവേയാണ് അപകടം. 150-ലേറെ വീടുകൾ തകർന്നു. മണ്ണിടിച്ചിൽ തുടരുന്നത് രക്ഷാ പ്രവർത്തനം ദുഷ്കരമാക്കുന്നതായും നാലായിരത്തിലേറെപ്പേരെ മണ്ണിടിച്ചിൽ ബാധിച്ചതായും അധികൃതർ പറഞ്ഞു.

&&&&&&&&&&&&&&&
&&&&&&&&&&&
&&&&&